(ബി) നിരോധനം ലംഘിച്ച് ബോട്ടുകളിറക്കി മത്സ്യബന്ധനം നടത്തിയ കേസ്സുകളുണ്ടോ ;

(സി) ഇത് സംബന്ധിച്ച് എത്രപേരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട് ;

(ഡി) എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ?

ഉത്തരം

(എ) ട്രോളിംഗ് നിരോധന ഉത്തരവ് കർശനമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി അധികാരപ്പെടുത്തിയ ഇമ്പൗണ്ടിംഗ് ആഫീസറുടെ നേതൃത്വത്തിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കർശനമായി നിരീക്ഷണം നടത്തിവരുന്നുണ്ട്.

(ബി) ഇല്ല.

(സി) & (ഡി) ബാധകമല്ല.

മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ

100 [282] *ശ്രീ. എ. സി. മൊയ്തീൻ :*

„ *എം. വി. ഗോവിന്ദൻ മാസ്റ്റർ :*

„ *സാജു പോൾ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് സർക്കാർ തയ്യാറാകുമോ ;

(ബി) പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സംഘടനകൾ, പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ മുമ്പാകെ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മത്സ്യത്തൊഴിലാളി സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ ;

(ഡി) മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങളിൽ പരിഹാരം ഉണ്ടാക്കാൻ സർക്കാർ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാലാകാലങ്ങളിൽ മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് സർക്കാർ പരിഹാരം കണ്ടെത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളി സംഘടനകൾ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ താഴെ ചേർക്കുന്നു:

1. അന്യരാജ്യങ്ങളിൽ നിന്നും മത്സ്യം ഇറക്കുമതി ചെയ്യാനുള്ള തീരുമാനം പുനഃപരിശോധിക്കുക.
2. കടലോരങ്ങളിൽ കടൽഭിത്തി കെട്ടുക.
3. സുനാമി സഹായം എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുക.
4. അന്യ സംസ്ഥാന ബോട്ടുകൾ കേരള തീരത്തിൽ പ്രവർത്തിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുക.
5. വിദേശ ട്രോളറുകളുടെ അതിക്രമിച്ചുള്ള കടന്നുകയറ്റം തടഞ്ഞ് അവയുടെ ലൈസൻസുകൾ റദ്ദു ചെയ്യുക.
6. ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നിവയുടെ പ്രവർത്തനം കൂറച്ചുകൂടി കാര്യക്ഷമമാക്കുക.
7. കായൽ, സമുദ്രം എന്നിവിടങ്ങളിലെ മലിനീകരണം തടയുക.
8. മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിക്കുക.

(സി) & (ഡി) സുനാമിയുമായി ബന്ധപ്പെട്ട ദുരിതാശ്വാസ നടപടികൾ, ട്രോളിംഗ് നിരോധനം, മത്സ്യ ഇറക്കുമതി, ഡീസൽ സബ്സിഡി, ഹാർബർ പ്രോജക്ടുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതി എന്നീ വിഷയങ്ങളിൽ മത്സ്യത്തൊഴിലാളി സംഘടനകളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തി പരിഹാരം കണ്ടിട്ടുണ്ട്.

ചാകര

101 [283] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*

„ *ഇ. എം. ആഗസ്തി:*

„ *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാലത്ത് സംസ്ഥാനത്ത് എവിടെയെല്ലാമാണ് ചാകര പ്രത്യക്ഷപ്പെടുന്നത്;

(ബി) ചാകരക്കാലത്ത് ഏതെല്ലാം മത്സ്യങ്ങളാണ് കൂടുതൽ ലഭിക്കുന്നത്;

(സി) ഈ പ്രദേശങ്ങളിൽ മത്സ്യബന്ധന ബോട്ടുകാരും പാരമ്പര്യ മത്സ്യബന്ധന തൊഴിലാളികളും തമ്മിൽ തർക്കവും ലഹളകളുമുണ്ടാകാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ എടുക്കാറുണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) തൃക്കുന്നപ്പുഴ മുതൽ പുന്നപ്ര വരെയും ചെല്ലാനം മുതൽ ഞാറയ്ക്കൽ വരെയും നാട്ടിക, താനൂർ, പരപ്പനങ്ങാടി, ബേപ്പൂർ, ഏലത്തൂർ, കൊയിലാണ്ടി, മുഴപ്പിലങ്ങാടി, കുമ്പള, ഉപ്പള എന്നിവിടങ്ങളിലുമാണ് ചാകര പ്രത്യക്ഷപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly